**സംയോജിത ശിശു സംരക്ഷണ പദ്ധതി : കേരളം**

**സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി മെമ്പർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ**

(ഹാജർ:ശ്രീമതി.അനുപമ.ടി.വി, സാമൂഹ്യ നീതി ഡയറക്ടർ & മെമ്പർ സെക്രട്ടറി(SCPS))

വിഷയം: - സാ.നീ.വ - ICPS - മലപ്പുറം ചൈൽഡ് വെൽഫയർ കമ്മിറ്റി ചെയർപേഴ്സന്റെ ചുമതല CWC മെമ്പറായ ശ്രീ.എം.മണികണ്ഠന് നൽകി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

പരാമർശം:- സർക്കാർ ഉത്തരവ് നമ്പർ സ.ഉ(സാധാ)നം 107/2017/സാ.നീ.വ തീയതി 02.03.2017

**ഉത്തരവ് നമ്പർ- ICPS-3/009068/17 തീയതി: 08.03.2017**

കോഴിക്കോട് ബേബി മെമ്മോറിയൽ ആശുപത്രിയിൽ വച്ച് 11.09.2015 ന് പ്രസവിച്ച കുട്ടിയെ അമ്മ സറണ്ടർ ചെയ്യുകയും തുടർന്ന് ഈ കുട്ടിയെ അനധികൃതമായും സംശയാസ്പദവുമായ രീതിയിൽ മലപ്പുറം ചൈൽഡ് വെൽഫെയർ കമ്മിറ്റി ചെയർമാൻ ഇടപെട്ട് മറ്റാർക്കോ കൈമാറ്റം ചെയ്തതു സംബന്ധിച്ച് സാമൂഹ്യനീതി ഡയറക്ടർ അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മലപ്പുറം ചൈൽഡ് വെൽഫയർ കമ്മിറ്റി ചെയർപേഴ്സൺ ശ്രീ.ഷെരീഫ് ഉള്ളത്തിനെ ചെയർപേഴ്സൺ സ്ഥാനത്തു നിന്നും നീക്കം ചെയ്തു കൊണ്ട് മേൽ പരാമർശ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

ടി സാഹചര്യത്തിൽ മലപ്പുറം ചൈൽഡ് വെൽഫയർ കമ്മിറ്റി ചെയർപെഴ്സന്റെ അധിക ചുമതല സർക്കാർ ഉത്തരവിനു വിധേയമായി മലപ്പുറം ചൈൽഡ് വെൽഫയർ കമ്മിറ്റി മെമ്പറായ ശ്രീ.എം.മണികണ്ഠന് നൽകി കൊണ്ട് ഉത്തരവാകുന്നു.

ശ്രീ.എം.മണികണ്ഠൻ ചെയർമാനായി ചാർജ്ജ് ഏറ്റെടുക്കുന്ന തീയതി ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

(ഒപ്പ്)

**സാമൂഹ്യ നീതി ഡയറക്ടർ & മെമ്പർ സെക്രട്ടറി (SCPS)**

- ശ്രീ.ഷെരീഫ് ഉള്ളത്ത്
  ചെയർപേഴ്സൺ, ചൈൽഡ് വെൽഫയർ കമ്മിറ്റി
  മലപ്പുറം

- ശ്രീ.എം.മണികണ്ഠൻ
  മെമ്പർ, ചൈൽഡ് വെൽഫയർ കമ്മിറ്റി
  മലപ്പുറം

പകർപ്പ്:-

1. ഡി.സി.പി.ഒ, മലപ്പുറം
2. സൂപ്രണ്ട്,ഗവ.ചിൽഡ്രൻസ് ഹോം മലപ്പുറം
3. ICPS-4
4. സ്റ്റോക്ക് ഫയൽ

ഉത്തരവിൻപ്രകാരം

പ്രോഗ്രാം മാനേജർ